# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7870 | 23-07-2012-ൽ മറുപടിയ്ക്ക്

### കിഴക്കേകോട്ട-ചാല-കിള്ളിപ്പാലം റോഡിലെ വൺവേ സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോസഫ് വാഴക്കൻ : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരത്തിലെ കിഴക്കേകോട്ട-ചാല-കിള്ളിപ്പാലം റോഡിലെ വൺവേ സംവിധാനം താറുമാറായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പത്തുവർഷം മുൻപ് വരെ അഞ്ച് ട്രാഫിക് പോലീസിനെ ഡ്യൂട്ടിക്കിട്ടിരുന്ന പ്രസ്തുത ഭാഗത്ത് നിലവിൽ എത്ര പോലീസുകാരുടെ സേവനം ഉണ്ടെന്ന് വിശദമാക്കാമോ ; | (ബി) | 3 വീതം ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരെ 2 ടേണുകളായി ടി ഭാഗത്ത് നിയോഗിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത സ്ഥലത്തെ ട്രാഫിക് സെക്ടർ എസ്.ഐ യേയും സൗത്ത് എൻഫോഴ്സ്മെന്റിനേയും ടി ഭാഗത്ത് പട്രോളിംഗ് ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്. |

**(സി)** കിഴക്കേകോട്ട-ചാല-കിള്ളിപ്പാലം വൺവേ റോഡിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

**(സ)** കിഴക്കേകോട്ട-ചാല-കിള്ളിപ്പാലം വൺവേയിൽ, വാഹനങ്ങളുടെ പാർക്കിംഗും മറ്റും ഒഴിവാക്കിയും വൺവേ ലംഘിച്ച് വാഹനങ്ങൾ ഓടിക്കുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചും ഗതാഗത കുരുക്ക് ഒഴിവാക്കി വരുന്നു.

സെക്ഷൻ ഓഫീസർ